**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. ജെ. ജയകുമാർ, സീനിയർ ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണകാലം 29.05.2018 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ യു) വകുപ്പ്**

**സ.ഉ(കൈ) നം.2368/2019/ത.സ്വ.ഭ.വ.** **തീയതി,തിരുവനന്തപുരം 25/10/2019**

==========================================================================

പരാമർശം:-
1. 18.11.2017 തീയതിയിലെ ജി.ഒ(ആർ.ടി) നമ്പർ 3713/2017/ത.സ്വ.ഭ.വ
2. 28.08.2019 തീയതിയിലെ അക്കൗണ്ടന്റ് ജനറലിന്റെ (എ&ഇ) ജി.ഇ-11/എ/റ്റി.പി.ഐ.എക്സ് 40/929 നമ്പർ കത്ത്.
3. മുഖ്യ നഗരാസൂത്രകന്റെ 19.09.2019-തീയതിയിലെ TCPCTP/1919/2019/A3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം നഗരഗ്രാമാസൂത്രണ വകുപ്പിൽ ടൗൺ പ്ലാനറായിരുന്ന ശ്രീ. ജെ. ജയകുമാറിനെ സീനിയർ ടൗൺ പ്ലാനർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ നിയമിക്കുകയും ടിയാൻ 29.11.2017 പൂർവ്വാഹ്നത്തിൽ ടി തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. ടി തസ്തികയിലെ നിരീക്ഷണ കാലയളവായ ഒരു വർഷത്തിൽ തുടർച്ചയായ 6 മാസത്തെ സേവനം ടിയാൻ 28.05.2018 അപരാഹ്നത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിനാൽ ടിയാന്റെ സീനിയർ ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണകാലം 29.05.2018 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് പരാമർശം മൂന്ന് പ്രകാരം മുഖ്യനഗരാസൂത്രക ശുപാർശ ചെയ്തിരിക്കുന്നു. നിരീക്ഷണകാലയളവിൽ ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാനെതിരെ വകുപ്പ് തല അച്ചടക്ക നടപടി/വിജിലൻസ് കേസ് നിലവിലില്ലായെന്നും മുഖ്യ നഗരാസൂത്രക സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. കൂടാതെ നിരീക്ഷണ കാലയളവിലെ ടിയാന്റെ സെൽഫ് അപ്രൈസലും ലഭ്യമാക്കിയിട്ടുണ്ട്. ടി കാലയളവിൽ ടിയാൻ ഒരു തരത്തിലുമുള്ള അവധിയും ഉപയോഗിച്ചിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം രണ്ട് പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 29.11.2017 പൂർവ്വാഹ്നത്തിൽ സീനിയർ ടൗൺ പ്ലാനർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീ. ജെ.ജയകുമാറിന്റെ ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ് ആന്റ് എസ്.എസ്.ആർ ചട്ടം 20(ബി) പ്രകാരം 29.05.2018 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**രമണി മാത്യൂ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്: മുഖ്യനഗരാസൂത്രക, തിരുവനന്തപുരം
മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
ശ്രീ. ജെ. ജയകുമാർ, സീനിയർ ടൗൺ പ്ലാനർ (മുഖ്യ നഗരാസൂത്രക മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ